# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 03/05/ 2020

## *ലോക്-ഡൗൺ ഹോട്ട് സ്പോട്ട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കർശന സുരക്ഷയൊരുക്കി കൊല്ലം സിറ്റി പോലീസ്.*

കൊല്ലം : ലോക്-ഡൗൺ നിബന്ധനകൾ നിലവിലിരിക്കെ കൊല്ലം സിറ്റി പോലീസ് പരിധിയിൽ നിയന്ത്രണങ്ങൾ ലംഘിച്ച് പൊതുസ്ഥലങ്ങളിൽ വാഹനങ്ങളിലും മറ്റും സഞ്ചരിച്ചതിനും സാമൂഹ്യ അകലം പാലിക്കാതെ കൂട്ടം കൂടിയതിനും ക്രമവിരുദ്ധമായി വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചതിനും പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചതിനും മറ്റുമായി ലോക്-ഡൗൺ ആരംഭിച്ച മാർച്ച് 24 മുതൽ മെയ് 2 വരെ 12355 കേസുകൾ വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്യുകയും 12633 പേരെ അറസ്റ്റ് ചെയ്ത് 9962 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.ഇന്നും നിബന്ധനകൾ ലംഘിച്ച് വാഹനങ്ങളിലും മറ്റും അനാവശ്യമായി യാത്ര ചെയ്തതിന് കൊല്ലം സിറ്റി പരിധിയിൽ 231 കേസുകൾ രജിസ്റ്റർ ചെയ്ത് 238 പേരെ അറസ്റ്റ് ചെയ്യുകയും 175 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.മാസ്ക് ധരിക്കാതെ പൊതു സ്ഥലങ്ങളിൽ പ്രവേശിച്ചതിന് ഇന്ന് 40 പേർക്ക് നോട്ടീസ് നൽകി.ഇരവിപുരം സ്റ്റേഷൻ പരിധിയിൽ നിബന്ധനകൾ ലംഘിച്ച് ശ്രീ നാരായണപുരത്ത് ചായക്കട തുറന്ന് പ്രവർത്തിപ്പിച്ചതിന് കടയുടമ അയത്തിൽ സ്വദേശി ചന്ദ്രനെതിരെ കേസ് രജിസ്റ്റർ ചെയ്തു.

ഹോട്ട് സ്പോട്ട് ആയി പ്രഖ്യാപിച്ചിരിക്കുന്ന കൊല്ലം സിറ്റി പോലീസ് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ കർശനമായ സുരക്ഷയും നിയന്ത്രണങ്ങളുമാണ് പോലീസ് ഒരുക്കിയിരിക്കുന്നത്. പ്രധാനപ്പെട്ട കവലകളിലും മറ്റിടങ്ങളിലും ശക്തമായ പോലീസ് പിക്കറ്റും പെട്രോളിംഗും ഏർപ്പെടുത്തുകയും അനാവശ്യമായി ജനങ്ങൾ വീടുകളിൽ നിന്നും പുറത്തിറങ്ങുന്നത് തടയുന്നതിനായി കർശനമായ പരിശോധനയും പോലീസ് ഏർപ്പെടുത്തിയിട്ടുണ്ട്.ലോക്-ഡൗൺ മൂന്നാം ഘട്ടത്തിലേക്ക് നീട്ടിയ



പശ്ചാത്തലത്തിൽ തുടർന്നും പൊതുജനങ്ങൾ സർക്കാർ ഏർപ്പെടുത്തിയ നിബന്ധനകളും നിർദേശങ്ങളും കൃത്യമായും പാലിക്കേണ്ടതാണെന്നും അനാവശ്യമായി പുറത്തിറങ്ങുന്നത്

ഒഴിവാക്കേണ്ടതാണെന്നും അത്യാവശ്യ കാര്യങ്ങൾക്കായി പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്ന വർ നിർബന്ധമായും മാസ്ക്ക് ധരിക്കേണ്ടതാണെന്നും വ്യാപാര സ്ഥാപനങ്ങൾ നിബന്ധന കൾക്ക് വിധേയമായി ശുചീകരണ സംവിധാനങ്ങൾ ഒരുക്കി പ്രവർത്തിക്കേണ്ടതാണെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പരവൂർ ജനമൈത്രി പോലീസ് നിർധനനായ പൂതക്കുളം സ്വദേശിക്ക് ഭക്ഷ്യധാന്യക്കിറ്റ് വിതരണം ചെയ്തു.സിങ്കപ്പൂരിൽ ജോലി നോക്കുന്ന കല്ലുങ്കുന്ന് സ്വദേശികളായ സഹോദരങ്ങൾ നിർധനരായ ആളുകൾക്ക് സഹായത്തിനായി അയച്ചു കൊടുത്ത പണം ഉപയോഗിച്ച് വീട്ടുകാർ ജനമൈത്രി പോലീസിന്റെ സഹായത്തോടെ കല്ലുങ്കുന്നം നിവാസികളായ നിർധനരായ 250 പേർക്ക് ഭക്ഷ്യ ധാന്യക്കിറ്റുകൾ പരവൂർ എസ്.ഐ ജയകുമാറിന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.കണ്ണനല്ലൂർ പോലീസ് പള്ളിമൺ, ചേരിക്കോണം ,കുളപ്പാടം എന്നിവിടങ്ങളിലെ നിർധനരായ കുടുംബങ്ങൾക്ക് ഭക്ഷ്യ ധാന്യക്കിററുകൾ വിതരണം ചെയ്തു.റിയാദിലും മസ്ക്കറ്റിലും ജോലി ചെയ്തു വരുന്ന കുളപ്പാടം സ്വദേശികളായ 2 പേർക്ക് സ്ഥിരമായി കഴിച്ചു കൊണ്ടിരിക്കുന്ന ജീവൻ രക്ഷാ മരുന്നുകൾ കണ്ണനല്ലൂർ പോലീസ് ഡി.എച്ച്.എൽ കൊറിയർ സർവീസിന്റെ സഹായത്തോടെ വിദേശത്ത് എത്തിച്ചു നൽകി.